(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യഥാസമയം പരീക്ഷകൾ നടത്തി കൃത്യ സമയത്ത് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിനെ സംരക്ഷിക്കാൻ നടപടി

129 [3019] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ എന്ന സ്ഥാപനത്തിന്റെ നിയന്ത്രണം സർക്കാരിന്റെ കീഴിലാണോ;

(ബി) ഇപ്പോൾ ഈ സ്ഥാപനത്തിന്റെ സ്ഥിതി വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് പ്രസ്തുത സ്ഥാപനത്തിന് പ്ലാൻ ഫീസിനത്തിലും ഗ്രാന്റായും എത്ര തുക ഓരോ സാമ്പത്തിക വർഷവും അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; യു. ഡി. എഫ്. ഗവൺമെന്റ് നൽകിയ തുകയും വ്യക്തമാക്കാമോ;

(ഡി) ഈ സ്ഥാപനത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് എന്തെല്ലാം പദ്ധതികളാണ് സർക്കാരിന്റെ മുമ്പിലുള്ളത്;

(ഇ) സർക്കാർ പ്രസിദ്ധീകരണങ്ങളുടെ അച്ചടി ജോലികൾ ഗവൺമെന്റ് പ്രസ്സിന് പുറമെ ഇവിടെയും നൽകിയാൽ ഈ സ്ഥാപനം ലാഭകരമാക്കുന്നതിനും സ്ഥാപനത്തെ നിലനിർത്താനും ജീവനക്കാരെ സംരക്ഷിക്കാനും കഴിയുമെന്ന് കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ ഇത്തരം ഒരു നടപടിയെ സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സർക്കാർ നിയന്ത്രണത്തിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ്.

(ബി) ഈ സ്ഥാപനം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(ഡി, ഇ ആന്റ് എഫ്) ഈ സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനായി പഠനം നടത്തുവാൻ 'റിയാബ്' നെ ചുമതലപ്പെടുത്തിയിരിക്കുന്നതിനാൽ റിയാബിന്റെ പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly